DESPATCHED
On 10/06/2020

16/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 003

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 2242(2)/2015/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 13310/എസ്.ഐ.സി-ജി 6/15)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എൻ.സുരേഷ് കുമാർ,
അഡ്വക്കേറ്റ്, വേലായുധം ബിൽഡിംഗ്,
മാർക്കറ്റ് കോംപ്ലക്സിന് സമീപം,
നെയ്യാറ്റിൻകര.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ജോയിന്റ് സെക്രട്ടറി
അഡ്വൈസ്(ലിറ്റിഗേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21.07.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 07.08.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.08.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എൻ.സുരേഷ് കുമാർ, 07.08.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 10.08.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2242(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റായ മറുപടി യാണ് ലഭിച്ചതെന്നും ഇതിനെതിരെ സമർപ്പിച്ച ഒന്നാം അപ്പീലിനും തെറ്റായ വിവരമാണ് നൽകിയതെന്നും ആകയാൽ ടിയാന് ശരിയായ വിവരങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 16.06.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കാറ്റഗറി നം.196/2011 (ജൂനിയർ ഇൻസ്ട്രക്ടർ ഇൻ ഡ്രസ്സ് മേക്കിംഗ് ഇൻ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്)ന്റെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചോയെന്നും എന്ന് പ്രസിദ്ധീകരിക്കുമെന്നും ടി തസ്തികയിൽ എത്ര വേക്കൻസിയാണ് നിലവിലുള്ളതെന്നും ടി തസ്തികയ്ക്ക് ഡിപ്ലോമ ഇൻ കോസ്റ്റ്യൂം ഡിസൈൻ & ഡ്രസ്സ് മേക്കിംഗ് ( Two year Polytechnic) എന്ന യോഗ്യത പരിഗണിയ്ക്കുമോ എന്നും ഇന്റർവ്യൂവും സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും കഴിഞ്ഞോയെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 20.06.2015ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 21.07.2015ന് നൽകിയ മറുപടിയിൽ പരാമർശിത തസ്തികയുടെ വിജ്ഞാപനത്തിൽ ഗവ.പോളിടെക്നിക്കിൽ നിന്നോ ഗവൺമെന്റ് അംഗീകൃത പോളിടെക്നിക്കിൽ നിന്നോ ലഭിച്ച ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ശാഖയിലുള്ള (Dress Making) ഡിപ്ലോമയോ തത്തുല്യ യോഗ്യതയാണ് നിഷ്ക്കർഷിച്ചിരിക്കുന്നതെന്നും പ്രസ്തുത കോഴ്സിന്റെ കാലാവധി 3 വർഷമാണെന്നും രണ്ട് വർഷത്തെ ഡിപ്ലോമ കോഴ്സ് നിലവിൽ സ്വീകാര്യമല്ല എന്ന് അറിയിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 30.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി

കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടെക്നിക്കൽ എഡ്യൂക്കേഷൻ രണ്ട് വർഷത്തെ ഡിപ്ലോമയേ നടത്തിയിട്ടുള്ളു വെന്നും തെറ്റായ വിവരമാണ് നൽകിയതെന്നും അപ്പീൽ അധികാരിയും തെറ്റായ വിവരമാണ് നൽകിയതെന്നുമാണ്. എന്നാൽ പിന്നീട് രണ്ടു വർഷമാക്കിയതാ ണെന്നും രേഖകൾ എല്ലാം നൽകിയിട്ടുണ്ടെന്നും കൂടാതെ കമ്മീഷന്റെ അക്കാദ മിക് കമ്മിറ്റിയുടെ ശുപാർശ പ്രകാരം രണ്ടു വർഷത്തെ (Diploma in Costume Design and Dress Making) സർട്ടിഫിക്കറ്റ് പരാമർശിത തസ്തികയ്ക്ക് പരിഗ ണിക്കുവാൻ ഉത്തരവായിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/